# ഹൃദയങ്ങളെ ഇളക്കിമറിച്ച വാക്ചാതുരി

**അല്ലാമാ ശിബ്‌ലി നുഅ്മാനി**

**വിവ: സലാം മേലാറ്റൂർ**

**പ്രസംഗവും** പ്രഭാഷണവും പ്രവാചകത്വത്തിന്റെ ഒരനിവാര്യ ഘടകമാണ്. അതിനാലാണ് ദൈവം ഹസ്രത്ത് മൂസ(അ)യെ ഫിർഔനിന്റെ അടുത്തേക്ക് പ്രവാചകനായി നിയോഗിച്ചയച്ചപ്പോൾ പ്രാർഥനാപൂർവം ഇങ്ങനെ ഒരാവശ്യം അദ്ദേഹം ഉണർത്തിച്ചത്:

“ജനങ്ങൾക്ക് എന്റെ വാക്ക് മനസ്സിലാക്കാൻ എന്റെ നാവിന്റെ കുരുക്ക് അഴിച്ചുതരണമേ!”

പ്രവാചകശ്രേഷ്ഠനെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന് ദൈവത്തിങ്കൽ നിന്നുതന്നെ ഇപ്രകാരം ഒരു വിശേഷണം നൽകപ്പെട്ടിട്ടുണ്ട്. തന്റെ സംസാരചാതുരിയെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി:

“അറബികളിൽ ഏറ്റവും ഭാഷാചാതുരിയുള്ളവനാണ് ഞാൻ. വചനങ്ങളുടെ സാരസർവസ്വവുമായാണ് എന്റെ നിയോഗം.”

അറബി ഗോത്രങ്ങൾ മൊത്തത്തിൽ തന്നെ വാഗ്മിതയും വാക്ചാതുരിയും കൊണ്ടനുഗൃഹീതരായിരുന്നു. എങ്കിലും അവയിൽ രണ്ടു ഗോത്രങ്ങൾക്ക് സവിശേഷമായ പ്രാമുഖ്യം ഇക്കാര്യത്തിലുണ്ടായിരുന്നു – ഖുറൈശ്, ഹവാസിൻ ഗോത്രങ്ങളായിരുന്നു അവ. ഖുറൈശ് പ്രവാചകന്റെ ഗോത്രമാണ്. അദ്ദേഹം വളർത്തപ്പെട്ട ഗോത്രമാണ് ഹവാസിൻ. അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്:

“നിങ്ങളിൽ ഏറ്റം സ്ഫുടഭാഷയാകുന്നു ഞാൻ. ഞാൻ ഖുറൈശികളിൽപെട്ടവനാകുന്നു. എന്റെ ഭാഷയാകട്ടെ ബനൂസഅ്ദിന്റേതും.”[1]

## പ്രസംഗശൈലി

പ്രവാചകൻ(സ) അങ്ങേയറ്റം ലളിതമായിട്ടായിരുന്നു പ്രസംഗിച്ചിരുന്നത്. പ്രസംഗവേദിയിലേക്ക് പുറപ്പെടുമ്പോൾ, രാജാക്കന്മാരെപ്പോലെ അംഗരക്ഷകരുണ്ടായിരുന്നില്ല; പ്രസംഗവസ്ത്രം ധരിച്ചിരുന്നില്ല. കൈയിൽ ഒരു വടി മാത്രം ഉണ്ടായിരിക്കും. പലപ്പോഴും വില്ല് നിവർത്തിപ്പിടിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. (അബൂദാവൂദ്)

ഇബ്നുമാജയിൽ ഇപ്രകാരം കാണാം: “പള്ളിയിൽ ഖുത്ബ നടത്തുമ്പോൾ അദ്ദേഹത്തിന്റെ കൈയിൽ ഒരു വടി കാണാമായിരുന്നു. യുദ്ധക്കളത്തിൽ പ്രസംഗിക്കാൻ നിൽക്കുമ്പോൾ വില്ല് നിവർത്തിപ്പിടിക്കുമായിരുന്നു.”

പ്രവാചകന്റെ ജുമുഅ-പെരുന്നാൾ പ്രസംഗങ്ങൾ സമയനിർണിതങ്ങളായിരുന്നു. മറ്റു പ്രസംഗങ്ങൾക്കൊന്നും തന്നെ പ്രത്യേകം സമയം നിർണയിക്കപ്പെട്ടിരുന്നില്ല. ആവശ്യം വന്നാലുടനെ പ്രസംഗത്തിനുവേണ്ടി തയ്യാറാകും. അതിനാൽ സന്ദർഭം വരുമ്പോൾ നിലത്താകട്ടെ, പ്രസംഗപീഠത്തിലാകട്ടെ, ഒട്ടകപ്പുറത്താകട്ടെ ഏതു സ്ഥലത്തും ഏതവസ്ഥയിലും അദ്ദേഹം പ്രസംഗിച്ചു. പ്രസംഗങ്ങൾ പൊതുവെ സംക്ഷിപ്തങ്ങളായിരുന്നുവെങ്കിലും അനിവാര്യ ഘട്ടങ്ങളിൽ സുദീർഘമായ പ്രസംഗങ്ങളും അദ്ദേഹം നടത്തിയിരുന്നു.

പൊതുവായിട്ടുള്ള ഉപദേശ ശിക്ഷണകാര്യങ്ങൾ പരസ്യമായി പ്രഖ്യാപിക്കുകയായിരുന്നു പതിവ്. ജനങ്ങളിൽ പ്രത്യേകമായി പ്രതികരണം സൃഷ്ടിക്കേണ്ട ഘട്ടങ്ങളിൽ ചോദ്യരൂപേണയായിരുന്നു പ്രസംഗം. ഹുനൈൻ യുദ്ധത്തിൽ അൻസ്വാറുകളെ അഭിമുഖീകരിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗം ആദ്യന്തം ചോദ്യോത്തര രൂപത്തിലുള്ളതായിരുന്നു. ഹജ്ജതുൽ വിദാഇലെ വിടവാങ്ങൽ പ്രസംഗത്തിലും മറ്റെല്ലാ പ്രസംഗങ്ങളിലും ഈ സവിശേഷത നമുക്ക് കാണാൻ കഴിയും.

ആവേശകരമായി പ്രസംഗിക്കു

> **പ്രവാചന്റെ ജുമുഅ-പെരുന്നാൾ പ്രസംഗങ്ങൾ സമയനിർണിതങ്ങളായിരുന്നു. മറ്റു പ്രസംഗങ്ങൾക്കൊന്നും തന്നെ പ്രത്യേകം സമയം നിർണയിക്കപ്പെട്ടിരുന്നില്ല. ആവശ്യം വന്നാലുടനെ പ്രസംഗത്തിനുവേണ്ടി തയ്യാറാകും. അതിനാൽ സന്ദർഭംവരുമ്പോൾ നിലത്താകട്ടെ, പ്രസംഗപീഠത്തിലാകട്ടെ, ഒട്ടകപ്പുറത്താകട്ടെ ഏതു സ്ഥലത്തും ഏതവസ്ഥയിലും അദ്ദേഹം പ്രസംഗിച്ചു.**

ബോൾ കണ്ണുകൾ ചുവന്നിരിക്കും; ശബ്ദം ക്രമാതീതമായി ഉയർന്നിരിക്കും; വിരലുകൾ ചലിപ്പിച്ചുകൊണ്ടിരിക്കും. അന്നേരം ഒരു സൈന്യത്തെ യുദ്ധത്തിനു വേണ്ടി ആഹ്വാനം ചെയ്യുകയാണ് അദ്ദേഹം എന്നു തോന്നിപ്പോകും. (മുസ്‌ലിം) ആ ഘട്ടത്തിൽ അദ്ദേഹത്തിന്റെ വിശുദ്ധ ശരീരം ആടിയുലഞ്ഞു കൊണ്ടിരിക്കും (ഇബ്നു മാജ). കൈകളുടെ ചലനവേഗത്താൽ കമ്പുകൾ പൊട്ടിക്കുന്ന ശബ്ദം പുറപ്പെട്ടിരുന്നു (അഹ്മദ്). ചിലപ്പോൾ മുഷ്ടിചുരുട്ടി പ്രസംഗിക്കും; ചിലപ്പോൾ നിർവത്തിപ്പിടിച്ചും. ഹസ്രത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ) അദ്ദേഹത്തിന്റെ പ്രസംഗ രീതിയുടെ ശരിയായ ഒരു ചിത്രം താഴെ പറയുന്ന വാക്കുകളിലൂടെ നമുക്കു നൽകുന്നു.

പ്രവാചകൻ മിമ്പറിൽ നിന്നുകൊണ്ട് ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: "പരമാധികാരിയായ അല്ലാഹു ആകാശഭൂമികളെ തന്റെ കരവലയത്തിൽ പിടിക്കും. ഇത് പറഞ്ഞുകൊണ്ടദ്ദേഹം തന്റെ മുഷ്ടി ചുരുട്ടുകയും നിവർത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ വിശുദ്ധ ദേഹം അപ്പോൾ ഇടത്തോട്ടും വലത്തോട്ടും ചാഞ്ഞും ചരിഞ്ഞും കൊണ്ടിരുന്നു; മിമ്പർ അടിമുടി വിറകൊണ്ടിരുന്നു – പ്രവാചകനെയും കൊണ്ട് അത് മറിഞ്ഞുവീഴുമോ എന്നുപോലും ഞാൻ ശങ്കിച്ചു" (ഇബ്നു മാജ).

ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടു കിടക്കുന്ന പ്രവാചക(സ)ന്റെ ഖുത്ബകളും പ്രഭാഷണങ്ങളും ഏതെങ്കിലും ഒരു പ്രത്യേക ഇനം തിരിച്ച് ക്രോഡീകരിക്കാവുന്നവയല്ല. കാരണം, അദ്ദേഹത്തിന്റെ ഓരോ പ്രസംഗത്തിനും പ്രത്യേകമായ സാഹചര്യമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ അതിന്റെ പ്രതിഫലനം, പ്രസംഗ രീതിയിലും കാണപ്പെട്ടിരുന്നു. അദ്ദേഹം മതപ്രബോധകനായിരുന്നു; ജേതാവായിരുന്നു; ഉപദേശിയായിരുന്നു; സേനാനായകനായിരുന്നു; ന്യായാധിപനായിരുന്നു; സർവോപരി പ്രവാചകനായിരുന്നു. വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങളുടെ രീതിയും വ്യത്യസ്തങ്ങളായിരുന്നു. സാഹചര്യത്തിന്റെ തേട്ടമായിരുന്നു മാനദണ്ഡം.

### സഫാമലയുടെ മുകളിൽ

മതപ്രബോധനവേളയിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ ശക്തിയും ആവേശവും ജനിപ്പിക്കുന്ന രൂപത്തിലായിരുന്നു. അന്നേരം ഒരു സേനാനായകനെപ്പോലെ അദ്ദേഹം പ്രസംഗിച്ചു:

"നിന്റെ അടുത്ത കുടുംബാംഗങ്ങളെ താക്കീത് ചെയ്യുക" എന്ന ഖുർആനിക വചനം അവതരിച്ചപ്പോൾ, മുഴുവൻ ഖുറൈശികളെയും ഒരുമിച്ചുകൂട്ടി ഒരു പ്രസംഗം നടത്താൻ അദ്ദേഹം തീരുമാനിച്ചു. അബൂലഹബിന്റെ ശാത്രവം ഈ ഖുത്ബ പൂർത്തീകരിക്കാൻ അനുവദിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ ജിഹ്വയിൽനിന്നുതിർന്ന ഏതാനും വാക്കുകളിൽനിന്നും പ്രസംഗത്തിന്റെ മാതൃക നമുക്ക് കിട്ടുന്നു. സഫാ കുന്നിന്റെ മുകളിൽക്കയറി അദ്ദേഹം വിളിച്ചു: "യാ സബാഹാ!"

ജനങ്ങളെ ഒരുമിച്ചുകൂട്ടാൻ അക്കാലത്ത് അറബികൾ ഉപയോഗിച്ചിരുന്ന ഒരു പദമായിരുന്നു ഇത്. ഏതെങ്കിലും ഗോത്രം കൊള്ളയടിക്കപ്പെടുകയോ മറ്റോ ചെയ്യുമ്പോഴാണ് സാധാരണ ഇങ്ങനെ വിളിച്ചുകൂട്ടാറ്. പ്രവാചകന്റെ വിളികേട്ട് അവർ നടുങ്ങി; അങ്ങനെ അദ്ദേഹത്തിന്റെ ചുറ്റും ഒരുമിച്ചുകൂടി. അദ്ദേഹം പറഞ്ഞു: "നോക്കൂ! ഈ പർവതത്തിന്റെ മറുഭാഗത്ത് ഒരു അശ്വസൈന്യം നിലയുറപ്പിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ അത് വിശ്വസിക്കുകയില്ലേ?" അവർ പറഞ്ഞു: "ഞങ്ങൾക്ക് നിന്നെ അവിശ്വസിക്കാൻ കാരണങ്ങളില്ല. ഇന്നോളം നീ ഒരു കളവ് പറഞ്ഞതായി ഞങ്ങൾക്ക് അറിയില്ല.'' അപ്പോൾ അദ്ദേഹം പറഞ്ഞു: "എന്നാൽ കഠിനമായ ശിക്ഷയെക്കുറിച്ച മുന്നറിയിപ്പുകാരനാണ് ഞാൻ."

അബൂലഹബ് കടുത്ത അവഗണനയോടെ അട്ടഹസിച്ചു: "നിനക്കു നാശം! ഇതിനുവേണ്ടിയാണോ ഞങ്ങളെ ഇവിടെ ഒരുമിച്ചുകൂട്ടിയത്?" (ബുഖാരി)

ഹുനൈൻ യുദ്ധത്തിൽ ലഭിച്ച ഗനീമത്ത് സ്വത്ത് മുഴുവൻ 'മുഅല്ലഫതുൽ ഖുലൂബി'ന് നൽകുകയുണ്ടായി; അൻസാറുകൾക്ക് ഒന്നും നൽകിയില്ല. ഇത് അവരിലെ ചില ചെറുപ്പക്കാരെ അസംതൃപ്തരാക്കി. അവർ പരിഭവപ്പെട്ടു: "ദൈവം പ്രവാചകന് പൊറുത്തുകൊടുക്കട്ടെ. നമ്മെ അവഗണിച്ച് ഖുറൈശികൾക്ക് അദ്ദേഹം നൽകുന്നു. നമ്മുടെ ആയുധങ്ങളാണ് വിജയം നേടിത്തന്നത്." വിവരം പ്രവാചകന്റെ കാതിലെത്തി. അൻസാറുകളെ മുഴുവൻ ഒരു തമ്പിൽ ഒരുമിച്ചുകൂട്ടി കാര്യം അന്വേഷിച്ചു. ജനങ്ങൾ പറഞ്ഞു: ''കുറച്ചു ചെറുപ്പക്കാർക്കാണ് ആവലാതിയുള്ളത്. ഞങ്ങളിലെ മുതിർന്നവരും നേതാക്കളുമൊന്നും അതുസംബന്ധമായി ഒരക്ഷരം പറഞ്ഞിട്ടില്ല.'' ഈ സന്ദർഭത്തിൽ അദ്ദേഹം എഴുന്നേറ്റുനിന്ന് ഒരു പ്രസംഗം നടത്തി: 'അൻസാർ സമൂഹമേ! യുദ്ധമുതലുകളുടെ വിതരണത്തിൽ അസംതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് നിങ്ങൾ സംസാരിച്ചതായി എനിക്കറിയാൻ കഴിഞ്ഞു. ഞാൻ നിങ്ങളുടെ അടുത്ത് വന്നപ്പോൾ അപഥസഞ്ചാരം ചെയ്യുകയായിരുന്നു നിങ്ങൾ. അങ്ങനെ ഞാൻ മുഖേന അല്ലാഹു നിങ്ങളെ നേർവഴിയിൽ ആക്കിയില്ലേ? ദരിദ്രരായ നിങ്ങളെ അല്ലാഹു സമ്പന്നരാക്കിയില്ലേ? പരസ്പരം ശത്രുക്കളായിരുന്ന നിങ്ങളുടെ ഇടയിൽ ഞാൻ മുഖേന അല്ലാഹു മാനസിക ഐക്യം സംജാതമാക്കിയില്ലേ?"

അൻസാറുകൾ പ്രതിവചിച്ചു: "തീർച്ചയായും അല്ലാഹുവും അവന്റെ ദൂതരും ചെയ്ത ഔദാര്യത്തിന് ഞങ്ങൾ എക്കാലവും കടപ്പെട്ടവർതന്നെ." ഒരു നിമിഷം നിന്ന് അദ്ദേഹം തുടർന്നു: "നിങ്ങൾ എന്തുകൊണ്ട് ഇങ്ങനെ തിരിച്ച് ചോദിക്കുന്നില്ല? അല്ലയോ മുഹമ്മദ്! സ്വജനങ്ങളാൽ അവിശ്വസിക്കപ്പെട്ട നീ ഞങ്ങളുടെ അടുക്കൽ വന്നപ്പോൾ, ഞങ്ങൾ നിന്നിൽ വിശ്വസിച്ചില്ലേ?

**ആവേശകരമായി പ്രസംഗിക്കുമ്പോൾ കണ്ണുകൾ ചുവന്നിരിക്കും; ശബ്ദം ക്രമാതീതമായി ഉയർന്നിരിക്കും; വിരലുകൾ ചലിപ്പിച്ചുകൊണ്ടിരിക്കും. അന്നേരം ഒരു സൈന്യത്തെ യുദ്ധത്തിനു വേണ്ടി ആഹ്വാനം ചെയ്യുകയാണ് അദ്ദേഹം എന്നു തോന്നിപ്പോകും. (മുസ്‌ലിം) ആ ഘട്ടത്തിൽ അദ്ദേഹത്തിന്റെ വിശുദ്ധ ശരീരം ആടിയുലഞ്ഞു കൊണ്ടിരിക്കും (ഇബ്നു മാജ).**

നിനക്ക് സഹായികളില്ലാതെ വന്നപ്പോൾ ഞങ്ങൾ നിന്നെ സഹായിച്ചില്ലേ? സ്വന്തം വീട്ടിൽനിന്നും നീ പുറത്താക്കപ്പെട്ടപ്പോൾ ഞങ്ങൾ നിനക്ക് വീട് നൽകിയില്ലേ? നിനക്ക് സംരക്ഷണമാവശ്യമായി വന്നപ്പോൾ ഞങ്ങൾ നിന്നെ സംരക്ഷിച്ചില്ലേ?" തുടർന്ന് അവരുടെ ആരോപണത്തിന് അദ്ദേഹം ഇപ്രകാരം മറുപടി നൽകി: "അൻസാർ സമൂഹമേ! ജനങ്ങൾ ആടുമാടുകളുമായി പോകുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ ദൂതരുമായി തിരിച്ചുപോകുന്നത് നിങ്ങൾക്കിഷ്ടമല്ലേ? അല്ലാഹുവാണ് സത്യം! മുഴുവനാളുകളും കൊണ്ടുപോകുന്നതിനേക്കാളും ഉത്തമമായതും കൊണ്ട് നിങ്ങൾ തിരിച്ചുപോകുന്നത് നിങ്ങൾക്കിഷ്ടമല്ലേ? അല്ലാഹുവാണ് സത്യം! മുഴുവനാളുകളും കൊണ്ടുപോകുന്നതിനെക്കാളും ഉത്തമമായതും കൊണ്ടാണ് നിങ്ങൾ തിരിച്ചുപോകുന്നത്."

അൻസാറുകൾ ഒന്നടങ്കം പ്രതിവചിച്ചു: "റളീനാ" (ഞങ്ങൾക്ക് തൃപ്തിയായിരിക്കുന്നു) – (ബുഖാരി)

പ്രവാചകന്റെ ഓരോ വാക്കും ഹൃദയസ്പൃക്കായിരുന്നു. അവരുടെ നേരെയുള്ള സ്നേഹാതിരേകം ആ വാക്കുകളിൽ ഓരോന്നിലും തുളുമ്പി പ്രവഹിച്ചു.

ജേതാവെന്ന നിലക്ക് മക്കാവിജയവേളയിൽ അദ്ദേഹം നടത്തിയ പ്രസംഗം ശ്രദ്ധേയമാണ്. ഹദീസ് ഗ്രന്ഥങ്ങൾ അത് പരാമർശിക്കുന്നുണ്ട്. മക്കാ പട്ടണത്തിന് അറബികളിൽ വിശുദ്ധ സ്ഥാനമുണ്ടായിരുന്നു. ഹറം ഒരു പവിത്രഗേഹമായിരുന്നു. അവിടെ ഒരിക്കലും രക്തം ചിന്തപ്പെട്ടിരുന്നില്ല. മക്കാ വിജയവേളയിൽ അതിന്റെ വിശുദ്ധിക്കു മുകളിൽ രക്തപ്പാടുകൾ സൃഷ്ടിക്കാനടുത്തു; അതും മതത്തിന്റെ കരങ്ങളാൽ. എന്നാൽ പ്രവാചകൻ അത് തടഞ്ഞു. എക്കാലത്തും അതിന്റെ വിശുദ്ധി നിലനിൽക്കണം എന്നദ്ദേഹം ആഗ്രഹിച്ചു. പ്രസംഗത്തിലൂടെ അദ്ദേഹം അത് വ്യക്തമാക്കി. ആദ്യം സഹാബികളെ അഭിമുഖീകരിച്ച് പ്രഖ്യാപിച്ചു:

"ജനങ്ങളേ! ആകാശഭൂമികൾ സൃഷ്ടിച്ച നാൾ മുതലേ മക്കാനഗരത്തിന് അല്ലാഹു പവിത്രത കൽപിച്ചരുളിയിട്ടുണ്ട്. അന്ത്യനാൾവരെ ആ പവിത്രത കാത്തുസൂക്ഷിക്കപ്പെടും. അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്ന ഒരാൾ അവിടെ വെച്ചു രക്തം ചിന്തുകയോ ഒരു മരംപോലും മുറിക്കുകയോ അരുത്. എനിക്കുമുമ്പ് ആർക്കും അതിന്നനുവാദം നൽകപ്പെട്ടിട്ടില്ല. എനിക്ക് ശേഷം ആർക്കും നൽകപ്പെടുന്നതുമല്ല. എനിക്കുതന്നെയും പരിമിതമായൊരു സമയത്തേക്ക് മാത്രമേ അതിന്നനുവാദം ലഭിക്കുകയുണ്ടായിട്ടുള്ളൂ."

> **പ്രവാചകൻ ഹജ്ജതുൽ വിദാഇൽ നടത്തിയ പ്രസംഗം വിഖ്യാതമാണ്. നിയമവിധികളുടെ ഒരു സമാഹാരമാണീ ഖുത്ബ. അതുകൊണ്ടുതന്നെ വരണ്ടതും വിരസവുമാകേണ്ടതായിരുന്നു. എന്നാൽ, ഒഴുക്കും ലാളിത്യവും സ്വഛതയുമുള്ള പദപ്രയോഗങ്ങളാൽ ഈ പ്രസംഗവും മറ്റു പ്രസംഗങ്ങളിൽ നിന്നൊട്ടും പിന്നിലല്ല.**

## ഹജ്ജതുൽ വിദാഇലെ പ്രസംഗം

പ്രവാചകൻ ഹജ്ജതുൽ വിദാഇൽ നടത്തിയ പ്രസംഗം വിഖ്യാതമാണ്. നിയമവിധികളുടെ ഒരു സമാഹാരമാണീ ഖുത്ബ. അതുകൊണ്ടുതന്നെ വരണ്ടതും വിരസവുമാകേണ്ടതായിരുന്നു. എന്നാൽ, ഒഴുക്കും ലാളിത്യവും സ്വഛതയുമുള്ള പദപ്രയോഗങ്ങളാൽ ഈ പ്രസംഗവും മറ്റു പ്രസംഗങ്ങളിൽ നിന്നൊട്ടും പിന്നിലല്ല. ദൈവസ്തുതിക്കും അനുഗ്രഹപ്രാർഥനക്കും ശേഷം ഈ പ്രസംഗത്തിന്റെ സവിശേഷത അദ്ദേഹമിങ്ങനെ വ്യക്തമാക്കി:

"ജനങ്ങളേ! എന്റെ വാക്കുകൾ സശ്രദ്ധം ശ്രവിക്കുവിൻ. നിങ്ങളുടെ ഈ നാട്ടിൽവെച്ച്, നിങ്ങളുടെ ഈ പട്ടണത്തിൽവെച്ച് ഈ മാസത്തിൽ വീണ്ടും നിങ്ങളുമായി സന്ധിക്കാൻ കഴിയുമോ എന്നെനിക്കറിയില്ല." സൂചന ഇതായിരുന്നു. ഇത് എന്റെ ജീവിതത്തിന്റെ അന്ത്യവർഷമാണ്. ഒരന്ത്യോപദേശം എന്ന നിലക്ക് നിങ്ങളിത് മനസ്സിലാക്കണം.' തുടർന്ന് മുസ്‌ലിംകളുടെ പ്രതാപവും അന്തസ്സും ജീവനും സമ്പത്തും മുസ്‌ലിംകൾക്ക് ആദരണീയമാണ് എന്നദ്ദേഹം പ്രഖ്യാപിച്ചു. ആ പ്രഖ്യാപനത്തിന്റെ രീതി ശ്രദ്ധേയമാണ്.

ആദ്യമായി ചോദിച്ചു: "ഇത് ഏത് ദിവസമാണെന്ന് നിങ്ങൾക്കറിയാമോ?"

ജനങ്ങൾ പറഞ്ഞു: "അല്ലാഹുവും അവന്റെ പ്രവാചകനുമാണ് ഏറ്റം അറിയുന്നവർ."

അദ്ദേഹം പറഞ്ഞു: "ആദരണീയമായ ദിവസമാണിത്."

"ഇത് ഏത് ദേശമാണ്?"

"അല്ലാഹുവും അവന്റെ പ്രവാചകനും ഏറ്റം അറിയുന്നു." "വിശുദ്ധ ഭൂമിയാണിത്." "ഇത് ഏത് മാസമാണെന്ന് നിങ്ങൾക്കറിയാമോ?"

അവർ പ്രതിവചിച്ചു: ''അല്ലാഹുവും അവന്റെ പ്രവാചകനുമാണ് ഏറ്റം അറിയുന്നവർ" "ആദരണീയമായ മാസമാണിത്" പ്രവാചകൻ പറഞ്ഞു.

ഇങ്ങനെ ജനമനസ്സുകളിൽ ആ ദിവസത്തിന്റെയും മാസത്തിന്റെയും ദേശത്തിന്റെയും വിശുദ്ധി ബോധ്യപ്പെടുത്തിയ ശേഷം അദ്ദേഹം യഥാർഥ ഉദ്ദേശ്യം വ്യക്തമാക്കി:

"ജനങ്ങളേ! നിങ്ങളുടെ രക്തവും നിങ്ങളുടെ സമ്പത്തും നിങ്ങളുടെ അഭിമാനവും ദൈവം പവിത്രമാക്കിയിരിക്കുന്നു; നിങ്ങളുടെ ഈ ദിവസത്തിന്റെ, ഈ മാസത്തിന്റെ, ഈ ദേശത്തിന്റെ പവിത്രതപോലെ. എനിക്കുശേഷം നിങ്ങൾ പരസ്പരം പോരടിച്ച് നിഷേധികളായിത്തീരരുത്."

സമത്വത്തിന്റെ സന്ദേശവും ഈ പ്രസംഗത്തിൽ അദ്ദേഹം നൽകി:

"ജനങ്ങളേ! നിങ്ങളുടെ രക്ഷിതാവ് ഒന്നാണ്. നിങ്ങളുടെ പിതാവ് ഒന്നാണ്. നിങ്ങളെല്ലാം ആദമിൽനിന്നാണ്. ആദം മണ്ണിൽനിന്നും. നിങ്ങളിൽ ഏറ്റം ആദരണീയൻ ഏറ്റം ഭക്തനത്രെ."

അറബികളുടെ പൊതുവിലുള്ള ജീവിതവൃത്തി കൊള്ളയും കവർച്ചയുമായിരുന്നു. എന്നാൽ പുണ്യമാസങ്ങളിൽ അവർ ദുർവൃത്തികൾ ചെയ്തിരുന്നില്ല. അങ്ങനെ ചെയ്യേണ്ടിവന്നാൽ മാസങ്ങൾ അന്യോന്യം മാറ്റുക പതിവായിരുന്നു. ഇതിന് 'നസീഅ്' എന്ന് പറഞ്ഞുവന്നു. വിശുദ്ധ ഖുർആൻ ഈ സമ്പ്രദായം നിരോധിച്ചു: "നസീഅ് സത്യ നിഷേധത്തിലൊരു വർധന മാത്രമാകുന്നു."

പ്രവാചകൻ തന്റെ പ്രസംഗത്തിൽ ഈ നിരോധന പ്രഖ്യാപനം ഇങ്ങനെ നടത്തി:

"ദൈവം പവിത്രമാക്കിയ മാസത്തിൽ യുദ്ധം അനുവദനീയമാക്കുകയും ദൈവം അനുവദിച്ച മാസത്തിൽ നിരോധിക്കുകയും ചെയ്തുകൊണ്ട്, ദൈവനിശ്ചിതമായ പുണ്യമാസങ്ങളുടെ എണ്ണം

തികക്കാൻ അവർ തട്ടിപ്പുനടത്തുന്നു. ദൈവം ആകാശഭൂമികൾ സൃഷ്ടിച്ച നാൾ മുതലേ കാലം അതിന്റെ സുനിശ്ചിത രൂപത്തിൽ കറങ്ങുകയാണ്."

ഒരധ്യാപകനും ഉപദേശിയും കൂടിയായിരുന്നു പ്രവാചകൻ. ആ നിലക്ക് അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ വളരെ ലളിതമായ ശൈലിയിലുള്ളതായിരുന്നു. എങ്കിൽ തന്നെയും അവയിലെ വാക്ചാതുരി ശ്രദ്ധേയമാണ്. ഒരുപദേശത്തിൽ, പദസൗന്ദര്യവും ഉപമാലങ്കാരങ്ങളുമൊന്നും ദീക്ഷിച്ചുകൊള്ളണമെന്നില്ല. പക്ഷേ, പ്രവാചകൻ നടത്തിയ മിക്കപ്രസംഗങ്ങളിലും ഈ സവിശേഷത നാം കാണുന്നു. മദീനയിൽചെന്ന പ്രവാചകന്റെ വിശുദ്ധ ജിഹ്വയിൽനിന്നുതിർന്ന വാക്കുകൾ കാണുക:

"ജനങ്ങളേ! സലാം പരത്തുക, അന്നമൂട്ടുക, ആളുകൾ നിദ്രയിലായിരിക്കേ നമസ്കരിക്കുക. അങ്ങനെ സമാധാനത്തോടെ സ്വർഗത്തിൽ പ്രവേശിക്കുക."

മദീനയിൽ ആദ്യമായി അദ്ദേഹം നടത്തിയ ജുമുഅ ഖുത്ബ ഇബ്നു ഇസ്ഹാഖ് ഉദ്ധരിക്കുന്നു. ദൈവത്തിന് സ്തുതികീർത്തനങ്ങൾ അർപ്പിച്ച ശേഷം പ്രവാചകൻ ഇങ്ങനെ പറഞ്ഞു: "ജനങ്ങളേ, നിങ്ങൾ സൽകർമങ്ങളിൽ മുന്നിട്ടിറങ്ങുക. അല്ലാഹുവാണ! നിങ്ങളിൽ ഒരുവന് തന്റെ ബുദ്ധിയും ബോധവും കൈവിട്ടുപോകയും അവന്റെ സമ്പത്ത് നശിച്ചുപോകയും ചെയ്യുന്ന നാളിൽ അവനെ രക്ഷിക്കുന്നവനായി ഒരു രക്ഷകനുമുണ്ടാവില്ല. അവന്റെ രക്ഷിതാവ് അവനോട് നേരിട്ട് ചോദിക്കും. അവന്നും അവന്റെ രക്ഷിതാവിനുമിടയിൽ ഒരു ദ്വിഭാഷിയോ പാറാവുകാരനോ ഉണ്ടാവില്ല – 'നിന്റെയടുക്കൽ എന്റെ ദൂതന്മാർ വന്നിരുന്നില്ലേ? അവർ എന്റെ സന്ദേശം നിനക്കെത്തിച്ചുതന്നില്ലേ? ഞാൻ നിനക്ക് സമ്പത്ത് തന്നില്ലേ? നിന്റെ ആവശ്യത്തിനുള്ള സമ്പത്ത് ഞാൻ നിനക്ക് നൽകിയില്ലായിരുന്നെങ്കിൽ എന്തായിരിക്കും നിന്റെ അവസ്ഥ? അന്നേരം ആ അടിമ തന്റെ ഇടവും വലവും നോക്കും. ഒന്നും കാണാൻ സാധ്യമല്ല. താഴേക്ക് നോക്കും. അവിടെ നരകത്തീമാത്രം കാണും.... ആരെങ്കിലും നരകാഗ്നിയിൽ നിന്നുള്ള രക്ഷ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു കാരക്കച്ചീളുകൊണ്ടെങ്കിലും അവൻ അതിനു ശ്രമിക്കട്ടെ. അതു കിട്ടാത്തവർ വിശുദ്ധ വചനം കൊണ്ടു ശ്രമിക്കട്ടെ. വിശുദ്ധ വചനം നന്മയെ പത്തുമുതൽ എഴുന്നൂറ് മേനിവരെ വളർത്തും. ദൈവത്തിന്റെ അനുഗ്രഹകടാക്ഷങ്ങൾ നിങ്ങളിൽ എന്നുമെന്നും ഉണ്ടാകട്ടെ!"

മറ്റൊരിക്കൽ അദ്ദേഹം പ്രഖ്യാപിച്ചു: "സ്തുതികളഖിലം ദൈവത്തിന്. ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അവനോട് സഹായമർഥിക്കുന്നു. ഞങ്ങളുടെ മനസ്സിൽ അന്തർഗതമായിട്ടുള്ള തിന്മകളിൽനിന്നും ദുഷ്ചെയ്തികളിൽനിന്നും ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു. ആരെ അല്ലാഹു സന്മാർഗത്തിലാക്കുന്നുവോ, അവനെ പിഴപ്പിക്കുന്നവനായി മറ്റൊരുമില്ല. അവൻ പിഴപ്പിച്ചവരെ സന്മാർഗം കാട്ടുന്നവനുമില്ല. ആരാധനക്കർഹൻ ഏകനായ അല്ലാഹു മാത്രമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവന് പങ്കാളികളില്ല. ഏറ്റവും നല്ല വചനം ദൈവത്തിന്റെ വചനമാണ്. കുഫ്റിനെത്തുടർന്ന് ഹൃദയത്തിൽ ഇസ്‌ലാം കടന്നുചെല്ലാൻ അല്ലാഹുവിന്റെ കൃപ ലഭിച്ചവൻ വിജയിച്ചു; ജനങ്ങളുടെ ഭാഷണം അവഗണിച്ച് ദൈവവാക്യം സ്വീകരിച്ചവനും. ദൈവവാക്യം സർവോന്നതമാണ്; സർവാകർഷകമാണ്. അല്ലാഹുവിന് പ്രിയപ്പെട്ടവർ നിങ്ങൾക്കും പ്രിയപ്പെട്ടവരാകട്ടെ. സർവോപരി ദൈവത്തെ പ്രേമിക്കുക. ദൈവവാക്യവും ദൈവസ്മരണയും നിലനിർത്തുക; അതിനുനേരെ നിങ്ങളുടെ ഹൃദയത്തിന്റെ വാതായനങ്ങൾ കൊട്ടിയടക്കരുത്. ദൈവത്തിനു മാത്രം ഇബാദത്ത് ചെയ്യുക. അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. അവൻ അർഹിക്കുന്നവിധം അവനെ ഭയപ്പെടുക. ദൈവത്തെക്കുറിച്ച് നല്ലതുമാത്രം പറയുക. ദൈവത്തെ മുൻനിർത്തി നിങ്ങൾ പരസ്പരം സ്നേഹിക്കുക. തന്നോടുള്ള വാഗ്ദത്തം പൂർത്തിയാക്കാത്തവരോട് ദൈവം കോപിക്കും, തീർച്ച. നിങ്ങളിൽ ദൈവത്തിന്റെ രക്ഷയും സമാധാനവുമുണ്ടാകട്ടെ."

**മദീനയിലെ മുസ്‌ലിംകൾ സാമ്പത്തികമായി ദരിദ്രരായിരുന്നു. എന്നിട്ടുപോലും പ്രവാചകന്റെ മനസ്സിൽ തട്ടിയുള്ള ആഹ്വാനം കേട്ട അവർ, തങ്ങളുടെ കൈവശമുള്ളത് എന്തായാണോ, അത് അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിച്ചു. ചിലർ തങ്ങളുടെ വസ്ത്രം ഊരിക്കൊടുത്തു. ചിലർ വീട്ടിലുണ്ടായിരുന്ന ധാന്യം കൊണ്ടുവന്നുകൊടുത്തു. ഒരു അൻസാരി, വീട്ടിൽ വർഷങ്ങളായി സമ്പാദിച്ചുവെച്ചിരുന്ന ഒരു പണക്കിഴി കൊണ്ടുവന്ന് പ്രവാചകന് സമർപ്പിച്ചു.**

ഒരിക്കൽ അദ്ദേഹം നടത്തിയ പ്രസംഗത്തിൽ കേവലം അഞ്ചു വചനങ്ങൾ മാത്രമാണുണ്ടായിരുന്നത്. "നിശ്ചയം ദൈവം ഉറങ്ങുന്നവനല്ല; അവന് ഉറങ്ങേണ്ട ആവശ്യവുമില്ല. ഓഹരികൾ അവൻ വിഭജിക്കുകയും ഉയർത്തുകയും ചെയ്യുന്നു. രാവിൽ ചെയ്ത കർമങ്ങൾ പകലിനു മുമ്പുതന്നെ അവങ്കലെത്തുന്നു; പകലിന്റെ കർമങ്ങൾ രാവിന് മുമ്പും. ദൈവത്തിന്റെ മുഖപടം പ്രകാശമാകുന്നു." (മുസ്‌ലിം)

ജുമുഅഖുത്ബകളിൽ പൊതുവെ ഭൗതിക വിരക്തി, ദയ, പരലോകഭയം, ഖബ്ർ ശിക്ഷ, ഏകദൈവത്വം, ദൈവമഹത്വം തുടങ്ങിയ വിശ്വാസചര്യകൾ വിശദീകരിക്കുക പതിവായിരുന്നു. പ്രത്യേകമായ വല്ല സംഭവമുണ്ടെങ്കിൽ അതുസംബന്ധമായ നിർദേശങ്ങൾ നൽകും. പുതിയ സംഭവങ്ങൾ പരാമർശിക്കേണ്ടതില്ലാത്ത ഘട്ടങ്ങളിൽ അധികപക്ഷവും സൂറതുൽ *ഖാഫി*ന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. ഈ സൂറ നിരവധി തവണ തന്റെ ജുമുഅ ഖുത്ബകളിൽ പ്രവാചകൻ വിഷയമാക്കിയിരുന്നു. പെരുന്നാൾ ഖുത്ബകളിൽ ഉപര്യുക്ത വിഷയങ്ങൾ കൂടാതെ ദാനധർമങ്ങൾക്ക് പ്രേരണ നൽകിക്കൊണ്ട് പ്രത്യേകമായും സംസാരിക്കാറുണ്ടായിരുന്നു. സാഹചര്യത്തിന്റെ തേട്ടമനുസരിച്ച് സന്ദർഭോചിതം അദ്ദേഹം സംസാരിച്ചു.

ഒരിക്കൽ സൂര്യഗ്രഹണമുണ്ടായി. അന്നേദിവസംതന്നെ പ്രവാചകന്റെ പുത്രൻ ഇബ്റാഹീം മരണപ്പെടുകയും ചെയ്തു. ഇബ്റാഹീമിന്റെ മരണം കാരണമായാണ് സൂര്യന് ഗ്രഹണം ബാധിച്ചതെന്ന് ജനം പറഞ്ഞു. ഈ അന്ധവിശ്വാസം വിപാടനം ചെയ്യേണ്ടത് എത്രയും ആവശ്യമായിരുന്നു. പ്രവാചകൻ ഉടനെ പ്രസംഗപീഠത്തിൽ കയറിനിന്നു പ്രസംഗിച്ചു.

ദൈവകീർത്തനത്തിനുശേഷം അദ്ദേഹം തുടർന്നു: ജനങ്ങളേ, സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട രണ്ടു ദൃഷ്ടാന്തങ്ങളത്രെ. ഒരാൾ മരിച്ചതുകൊണ്ടോ ജീവിച്ചതുകൊണ്ടോ അവയ്ക്ക് ഗ്രഹണം ബാധിക്കുകയില്ല. അതിനാൽ അവക്ക് ഗ്രഹണം ബാധിച്ചു കണ്ടാൽ നിങ്ങൾ നമസ്കാരത്തെ ശരണം പ്രാപിച്ചുകൊള്ളുക."

ബിദ്അത്തിനെ നിരാകരിക്കാനും

സുന്നത്തിനെ പിന്തുണക്കാനും ആഹ്വാനം ചെയ്തുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗം മിക്ക ഹദീസ് ഗ്രന്ഥങ്ങളിലും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്: "രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കുക. സംസാരവും സന്മാർഗവും ഏറ്റവും നല്ല വചനം അല്ലാഹുവിന്റെ വചനമാകുന്നു. ഏറ്റവും നല്ല മാർഗം മുഹമ്മദ്(സ)യുടെ മാർഗമാണ്. പുതുതായുണ്ടാകുന്ന കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. കാര്യങ്ങളിൽ ഏറ്റവും ചീത്തയായത് പുത്തൻ കൃതിപ്പുകളാണ്. എല്ലാ പുത്തൻ കൃതിപ്പുകളും ബിദ്അത്താണ്. എല്ലാ ബിദ്അത്തുകളും വഴികേടാണ്. കെട്ടവഴികളെല്ലാം നരകത്തിലേക്കാണ്."

## പ്രസംഗങ്ങളുടെ സ്വാധീനം

പ്രവാചകന്റെ പ്രസംഗങ്ങളുടെ സ്വാധീനത യഥാർഥത്തിൽ ദൈവിക ദൃഷ്ടാന്തത്തിന്റെ ഭാഗമാണ്. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കവെ ചെടികൾ പോലും നിമിഷങ്ങളോളം ചലനമറ്റ് നിൽക്കുമായിരുന്നു.

മക്കയിൽവെച്ച് ഒരിക്കൽ അദ്ദേഹം സൂറത്തു*ന്നജ്മ്* പാരായണം ചെയ്തു കേൾപ്പിച്ചപ്പോൾ മുസ്‌ലിംകളോടൊപ്പം സദസ്സിലുണ്ടായിരുന്ന കടുത്ത നിഷേധികൾകൂടി സുജൂദിൽ വീഴുകയുണ്ടായി. (ബുഖാരി)

തന്റെ കുഞ്ഞുനാളിലെ കൂട്ടുകാരനായിരുന്ന ഒരാൾ മന്ത്ര-ജപ ചികിത്സ നടത്തിവരുന്നതായി ആരോ പറഞ്ഞ് പ്രവാചകൻ അറിഞ്ഞു. ഇത് അദ്ദേഹത്തെ കുപിതനാക്കി. ഉടനെ ആ സുഹൃത്തിനെ ചെന്നു കണ്ട് സംക്ഷിപ്തമായ ഒരു പ്രസംഗം നടത്തി പ്രവാചകൻ. ഇതുകേട്ട സുഹൃത്ത് പറഞ്ഞു: "മുഹമ്മദേ, കുറച്ചുകൂടി സംസാരിക്കുക." പ്രവാചകൻ കുറച്ചുകൂടി പ്രസംഗിച്ചു. അത്ഭുതപരതന്ത്രനായി ആ സുഹൃത്ത് ഇപ്രകാരം പറഞ്ഞുപോയി: "കവികളുടെ ഗീതങ്ങളും ജ്യോത്സ്യരുടെ ഭാഷണങ്ങളും ഞാൻ എമ്പാടും കേട്ടതാണ്. എന്നാൽ ഇത് അതിനെയൊക്കെ വെല്ലുന്ന വ്യത്യസ്തമായ മറ്റൊന്നാണ്." (മുസ്‌ലിം)

ഒരിക്കൽ ഒരു നവമുസ്‌ലിം ഗോത്രം ഹിജ്റ ചെയ്ത് മദീനയിൽ വന്നു. അവരെ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് പ്രവാചകൻ മനസ്സിലാക്കി. 'മസ്ജിദുന്നബവി'യിൽ മുഴുവൻ മുസ്‌ലിംകളെയും ഒരുമിച്ചുകൂട്ടി അദ്ദേഹം ഒരു പ്രസംഗം നടത്തി. ആ പ്രസംഗത്തിൽ, മനുഷ്യരെല്ലാം സഹോദരന്മാരാണെന്ന് പ്രഖ്യാപിക്കുന്ന വിശുദ്ധ ഖുർആൻ സൂക്തം ഉദ്ധരിച്ചു.

"ജനങ്ങളേ, നിങ്ങളെയെല്ലാം ഒരാത്മാവിൽനിന്ന് സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക."

പിന്നീട് സൂറതുൽ *ഹശ്റി*ലെ താഴെ പറയുന്ന സൂക്തം ഓതിക്കേൾപ്പിച്ചു:

"ഓരോ ആത്മാവും താൻ നാളേക്കു വേണ്ടി എന്ത് ഒരുക്കിവെച്ചിട്ടുണ്ടെന്ന് പരിശോധിക്കട്ടെ." തുടർന്ന് അദ്ദേഹം പ്രഖ്യാപിച്ചു: "ദിർഹം, വസ്ത്രം, ധാന്യം അതില്ലെങ്കിൽ ഈത്തപ്പഴത്തിന്റെ ഒരു ചീന്തെങ്കിലും ദൈവമാർഗത്തിൽ അർപ്പിക്കുക."

മദീനയിലെ മുസ്‌ലിംകൾ സാമ്പത്തികമായി ദരിദ്രരായിരുന്നു. എന്നിട്ടുപോലും പ്രവാചകന്റെ മനസ്സിൽ തട്ടിയുള്ള ആഹ്വാനം കേട്ട അവർ, തങ്ങളുടെ കൈവശമുള്ളത് എന്താണോ, അത് അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിച്ചു. ചിലർ തങ്ങളുടെ വസ്ത്രം ഊരിക്കൊടുത്തു. ചിലർ വീട്ടിലുണ്ടായിരുന്ന ധാന്യം കൊണ്ടുവന്നുകൊടുത്തു. ഒരു അൻസാരി, വീട്ടിൽ വർഷങ്ങളായി സമ്പാദിച്ചുവെച്ചിരുന്ന ഒരു പണക്കിഴി കൊണ്ടുവന്ന് പ്രവാചകന് സമർപ്പിച്ചു. കുറച്ചുകഴിഞ്ഞപ്പോഴേക്കും പ്രവാചകന്റെ മുമ്പിൽ ധാന്യത്തിന്റെയും വസ്ത്രത്തിന്റെയും രണ്ടു വൻകൂമ്പാരങ്ങൾ തന്നെ ഉയർന്നു. അങ്ങനെ സന്തോഷാധിക്യത്താൽ പ്രവാചകന്റെ വിശുദ്ധമുഖം തങ്കംപോലെ പ്രശോഭിച്ചു. (മുസ്‌ലിം)

മുസ്ത്വലഖ് യുദ്ധം കഴിഞ്ഞ് മടങ്ങവേ, ചില കപടവിശ്വാസികളുടെ കുതന്ത്രം കാരണമായി മുഹാജിറുകളും അൻസ്വാറുകളും രണ്ടു ചേരിയായി തിരിഞ്ഞുനിന്നു. ഒരു സംഘട്ടനത്തിന്റെ വക്കോളമെത്തി പ്രശ്നം. ഒടുവിൽ പ്രവാചകൻ മിമ്പറിൽ കയറി പ്രസംഗിച്ചു. പ്രസംഗം അവസാനിച്ചപ്പോൾ, വിശ്വാസികൾ പരസ്പരം ആലിംഗനബദ്ധരായി തങ്ങൾ ചെയ്ത തെറ്റിൽ പശ്ചാത്തപിച്ചു.

ഹുനൈൻ യുദ്ധാനന്തരമുണ്ടായ ഗനീമത്ത് വിഭജനം അൻസാറുകളെ അസംതൃപ്തരാക്കി. അന്നേരം പ്രവാചകൻ നടത്തിയ വിശ്രുതമായ പ്രഭാഷണം എന്ത് പ്രതിഫലനമാണ് ഉണ്ടാക്കിയത് എന്നു നേരത്തെ നാം കണ്ടു.

മക്കാവിജയവേളയിൽ, അൻസാറുകളുടെ പ്രതീക്ഷക്ക് വിരുദ്ധമായി, പ്രവാചകൻ ഖുറൈശിനേതാക്കൾക്ക് സംരക്ഷണം പ്രഖ്യാപിച്ചു. ഇത് അൻസാറുകളിൽ അസംതൃപ്തി പരത്തി. അവർ പരസ്പര മന്ത്രിച്ചു: "ഒടുവിൽ ഇദ്ദേഹം ഇവരുടെ കൂടെത്തന്നെ സ്ഥിരതാമസമാക്കിയേക്കുമോ?" പ്രവാചകൻ അൻസാറുകളുടെ അതൃപ്തി മനസ്സിലാക്കി; അവരെ മുഴുവൻ ഒരുമിച്ചുകൂട്ടി അദ്ദേഹം പ്രഖ്യാപിച്ചു: "കുടുംബ-ദേശപക്ഷപാതിത്വങ്ങൾ എനിക്ക് ഭൂഷണമല്ല. ദൈവത്തിന്റെ അടിമയും അവന്റെ ദൂതനുമാകുന്നു ഞാൻ. അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ ഹിജ്റ ചെയ്തു. അങ്ങനെ നിങ്ങളിലെത്തി. എന്റെ ജീവിതം നിങ്ങളോടൊപ്പമുള്ള ജീവിതമാണ്. എന്റെ മരണമാകട്ടെ നിങ്ങളോടൊപ്പമുള്ള മരണവുമാണ്." ഇതുകേട്ട അൻസാറുകൾ വികാരഭരിതരായി കരഞ്ഞുപോയി.

സാധാരണ ഉപദേശ നിർദേശങ്ങളിൽപോലും പ്രവാചകന്റെ വാക്കുകൾ അങ്ങേയറ്റം പ്രതിഫലനമുളവാക്കിയിരുന്നു. ഒരു സഹാബിയുടെ വിവരണം കാണുക:

"ഒരു ദിവസം സുബ്ഹ് നമസ്കാരാനന്തരം പ്രവാചകൻ ഞങ്ങളെ ഉപദേശിക്കുകയായിരുന്നു. അതുകേട്ട് ഞങ്ങളുടെ കണ്ണുകൾ ഈറനണിഞ്ഞു; ഹൃദയങ്ങൾ പിടപിടച്ചു." (തിർമിദി, അബൂദാവൂദ്)

മറ്റൊരു പ്രഭാഷണം അസ്മാഅ് ബിൻത് അബീബക്ർ ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു:

"പ്രവാചകൻ ഖുത്വ്ബക്കുവേണ്ടി എഴുന്നേറ്റു. അങ്ങനെ ഖബ്റിലെ ശിക്ഷയെക്കുറിച്ച് വിശദീകരിച്ചു അവിടെ വെച്ച് മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രതിസന്ധി അനാവരണം ചെയ്തു. ഇതുകേട്ട സദസ്യർ അലമുറകൂട്ടി."

ഹസ്റത്ത് അബൂഹുറയ്റയും അബൂസഈദും നിവേദനം ചെയ്യുന്നു: "ഒരിക്കൽ പ്രവാചകൻ പ്രസംഗിച്ചുകൊണ്ടിരിക്കെ, ഒരു പ്രഖ്യാപനത്തിന്റെ ആമുഖമായി ഇപ്രകാരം പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കരങ്ങളിലാണോ, അവനെക്കൊണ്ട് സത്യം!" അങ്ങേയറ്റം ഗൗരവത്തോടും ആവർത്തിച്ചുമുള്ള ഈ മുഖവുര കേട്ടപാടുതന്നെ ജനങ്ങൾ കരയാൻ തുടങ്ങി.

ഹസ്റത്ത് അനസ് പറയുന്നു; ഒരു ദിവസം പ്രവാചകൻ ഒരു പ്രസംഗം നടത്തി. ഞാൻ അക്കാലംവരെ കേട്ടിട്ടില്ലാത്ത അത്രയും ആകർഷകമായിരുന്നു അത്. പ്രസംഗമധ്യേ അദ്ദേഹം പറഞ്ഞു: ജനങ്ങളേ, ഞാനറിഞ്ഞിട്ടുള്ളതെല്ലാം നിങ്ങളറിഞ്ഞിരുന്നുവെങ്കിൽ, നിങ്ങൾ അൽപം മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു. ഇതുകേട്ട ജനങ്ങൾ മുഖം വസ്ത്രാഞ്ചലം കൊണ്ട് മറച്ച് നിലയ്ക്കാതെ കരഞ്ഞുകൊണ്ടിരുന്നു." ●